**മധുരമായ കുട്ടികളേ– സദാ ഇതേ ലഹരിയിൽ തന്നെ കഴിയൂ, നമ്മുടെ കോടിമടങ്ങ് ഭാഗ്യമാണ് നമ്മൾ പതിത പാവനനായ ബാബയുടെ മക്കളായി മാറിയിരിക്കുന്നു, ബാബയിൽ നിന്നും നമുക്ക് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് ലഭിക്കുകയാണ്.**

**ചോദ്യം–** നിങ്ങൾ കുട്ടികൾക്ക് ഒരു ധർമ്മത്തോടും വെറുപ്പോ ദേഷ്യമോ ഉണ്ടാവുക സാദ്ധ്യമല്ല– എന്തുകൊണ്ട്?

**ഉത്തരം–** എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ബീജത്തേയും വൃക്ഷത്തേയും അറിയാം. നിങ്ങൾക്ക് അറിയാം ഇത് മനുഷ്യ സൃഷ്ടിയുടെ പരിധിയില്ലാത്ത വൃക്ഷമാണ് ഇതിൽ ഓരോരുത്തർക്കും അവരവരുടെ പാർട്ടുണ്ട്. നാടകത്തിൽ ഒരിയ്ക്കലും അഭിനേതാക്കൾ പരസ്പരം വെറുക്കില്ല. നിങ്ങൾക്ക് അറിയാം നമ്മൾ ഈ നാടകത്തിൽ ഹീറോ– ഹീറോയിന്റെ പാർട്ട് അഭിനയിച്ചിട്ടുണ്ട്. നമ്മൾ എന്ത് സുഖമാണോ കണ്ടത് അത് മറ്റാരും കണ്ടിട്ടില്ല. നിങ്ങൾക്ക് അളവറ്റ സന്തോഷം ഉണ്ടാകണം, അതായത് മുഴുവൻ വിശ്വത്തിലും രാജ്യം ഭരിക്കുന്നവർ നമ്മളാണ്.

**ഓംശാന്തി**. ഓംശാന്തി എന്ന് പറയുമ്പോൾത്തന്നെ നിങ്ങൾ കുട്ടികൾക്ക് എന്ത് ജ്ഞാനമാണോ ലഭിച്ചിരിക്കുന്നത്, അത് മുഴുവനും ബുദ്ധിയിലേയ്ക്ക് വരണം. ബാബയുടെ ബുദ്ധിയിലും എന്ത് ജ്ഞാനമാണുള്ളത്? ഇത് മനുഷ്യ സൃഷ്ടിയുടെ വൃക്ഷമാണ്, ഇതിനെത്തന്നെയാണ് കല്പവൃക്ഷം എന്ന് പറയുന്നത്, അതിന്റെ ഉത്പത്തിയും സ്ഥാപനയും പിന്നീട് വിനാശവും എങ്ങനെയാണ് ഉണ്ടാകുന്നത്, മുഴുവൻ കാര്യങ്ങളും ബുദ്ധിയിൽ വരണം. ജഢവൃക്ഷങ്ങളുണ്ടല്ലോ എന്നാൽ ഇത് ചൈതന്യമാണ്. ബീജവും ചൈതന്യമാണ്. ബീജത്തിന്റെ മഹിമയും പാടുന്നുണ്ട്, അത് സത്യമാണ്, ചൈതന്യമാണ് അർത്ഥം വൃക്ഷത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുകയാണ്. കർത്തവ്യത്തെ ആരും അറിയുന്നില്ല. പ്രജാപിതാ ബ്രഹ്മാവിന്റെ കർത്തവ്യത്തേയും അറിയണമല്ലോ. ബ്രഹ്മാവിനെ ആരും ഓർമ്മിക്കുന്നില്ല, അറിയുകയേയില്ല. അജ്മീരിൽ ബ്രഹ്മാവിന്റെ ക്ഷേത്രമുണ്ട്. ത്രിമൂർത്തികളുടെ ചിത്രങ്ങൾ അച്ചടിക്കാറുണ്ട്, അതിൽ ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ മൂന്നുപേരുമുണ്ട്. ബ്രഹ്മാ ദേവതായെ നമ: എന്നു പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം– ഈ സമയത്ത് ബ്രഹ്മാവിനെ ദേവത എന്നു പറയില്ല. എപ്പോൾ സമ്പൂർണ്ണമാകുന്നോ അപ്പോൾ ദേവത എന്നു പറയും. സമ്പൂർണ്ണമായി സൂക്ഷ്മവതനത്തിലേയ്ക്ക് പോകും.

ബാബ ചോദിക്കുന്നു നിങ്ങളുടെ അച്ഛന്റെ പേര് എന്താണ്? ആരോടാണ് ചോദിക്കുന്നത്? ആത്മാവിനോട്. ആത്മാവാണ് എന്റെ ബാബാ എന്നു പറയുന്നത്. ആരാണ് പറഞ്ഞത് എന്നത് അറിയാത്തവർക്ക് ചോദ്യം ചോദിക്കാൻ സാധിക്കില്ല. ഇപ്പോൾ കുട്ടികൾ മനസ്സിലാക്കി– നമ്മൾ എല്ലാവർക്കും രണ്ട് അച്ഛന്മാരുണ്ട്. ജ്ഞാനം നൽകുന്നത് ഒരേ ഒരു അച്ഛനാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ടാകും ഇത് ശിവബാബയുടെ രഥമാണ്. ബാബ ഈ രഥത്തിലൂടെ നമുക്ക് ജ്ഞാനം കേൾപ്പിക്കുന്നു. ഒന്നാമത് ഇത് പരിധിയുള്ള ബ്രഹ്മാബാബയുടെ രഥമാണ്. രണ്ടാമത് ഇത് ആത്മീയ പിതാവിന്റെയും രഥമാണ്. ആ ആത്മീയ പിതാവിന്റെ മഹിമയാണ് സുഖത്തിന്റെ സാഗരൻ, ശാന്തിയുടെ സാഗരൻ.......... ആദ്യം ഇത് ബുദ്ധിയിൽ ഉണ്ടാകും ഇത് പരിധിയില്ലാത്ത അച്ഛനാണ് ഇവരിൽ നിന്നാണ് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. പാവനലോകത്തിന്റെ അധികാരിയായി മാറുന്നു. നിരാകാരനെ വിളിക്കുന്നു പതിതപാവനാ വരൂ എന്നുപറഞ്ഞ്. ആത്മാവുതന്നെയാണ് വിളിക്കുന്നത്. എപ്പോൾ ആത്മാവ് പാവനമാണോ അപ്പോൾ വിളിക്കുന്നില്ല. പതിതമാകുമ്പോൾ വിളിക്കുന്നു. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് അറിയാം ആ പതിത പാവനനായ ബാബ ഈ ശരീരത്തിൽ വന്നിട്ടുണ്ട്. നമ്മൾ അവരുടേതായി മാറിയിരിക്കുന്നു എന്നത് മറന്നുപോകരുത്. ഇത് നൂറുമടങ്ങ് ഭാഗ്യത്തിന്റെ കാര്യമല്ല കോടി മടങ്ങ് ഭാഗ്യത്തിന്റെ കാര്യമാണ്. പിന്നീട് ആ അച്ഛനെ എന്തിന് മറക്കണം. ഈ സമയത്ത് ബാബ വന്നിരിക്കുന്നു– ഇത് പുതിയ കാര്യമാണ്. ശിവജയന്തിയും എല്ലാ വർഷവും ആഘോഷിക്കുന്നുണ്ട്. എങ്കിൽ തീർച്ചയായും അവർ ഒരു തവണയായിരിക്കും വരുന്നത്. ലക്ഷ്മീ നാരായണന്മാർ സത്യയുഗത്തിലാണ് ഉണ്ടായിരുന്നത്. ഈ സമയത്തല്ല. അതിനാൽ മനസ്സിലാക്കിക്കൊടുക്കണം അവർ പുനർജന്മം എടുത്തിട്ടുണ്ടാകും. 16 കലയിൽ നിന്നും 12–14 കലയിലേയ്ക്ക് വന്നിട്ടുണ്ടാകും. ഇത് നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. സത്യയുഗം എന്ന് പുതിയ ലോകത്തെയാണ് പറയുന്നത്. അവിടെ എല്ലാം പുതിയതിലും പുതിയതായിരിക്കും. ദേവതാ ധർമ്മം എന്ന് പാടാറുണ്ട്. അതേ ദേവതകൾ എപ്പോഴാണോ വാമമാർഗ്ഗത്തിലേയ്ക്ക് പോകുന്നത് അപ്പോൾ അവരെ പുതിയത് എന്നും പറയാൻ കഴിയില്ല ദേവത എന്നും പറയാൻ കഴിയില്ല. ഞങ്ങൾ അവരുടെ വംശാവലിയാണ് എന്ന് ആരും പറയില്ല. അഥവാ ആരെങ്കിലും ഞങ്ങൾ അവരുടെ വംശാവലിയാണ് എന്ന് മനസ്സിലാക്കുകയാണെങ്കിൽ

പിന്നെ എന്തിനാണ് അവരുടെ മഹിമയും തന്റെ നിന്ദയും ചെയ്യുന്നത്? മഹിമ ചെയ്യുന്നു അർത്ഥം അവരെ പവിത്രമെന്നും സ്വയത്തെ അപവിത്രമെന്നും മനസ്സിലാക്കുന്നുണ്ട് എന്നതാണ്. പാവനത്തിൽ നിന്നും പതിതമായി മാറുന്നു, പുനർ ജന്മങ്ങൾ എടുക്കുന്നു. ആദ്യമാദ്യം ആരാണോ പാവനമായിരുന്നത് അവർ തന്നെയാണ് പതിതമായും മാറുന്നത്. നിങ്ങൾക്ക് അറിയാം പാവനത്തിൽ നിന്നും ഇപ്പോൾ പതിതമായിരിക്കുന്നു. നിങ്ങൾ സ്ക്കൂളിൽ പഠിക്കുകയാണ്. അതിൽ നമ്പർവൈസായി ഫസ്റ്റ്, സെക്കന്റ് എന്നിങ്ങനെ ക്ലാസുകൾ ഉണ്ടാകും.

ഇപ്പോൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മളെ ബാബയാണ് പഠിപ്പിക്കുന്നത്, അതുകൊണ്ടല്ലേ വരുന്നത്. ഇല്ലെങ്കിൽ പിന്നെ ഇവിടെ വരേണ്ട ആവശ്യം എന്താണ്. ഇത് ഏതെങ്കിലും ഗുരുവോ മഹാത്മാവോ മഹാപുരുഷനോ ഒന്നുമല്ല. ഇത് സാധാരണ മനുഷ്യ ശരീരമാണ്, അതും വളരെ പഴയത്. വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലാണ് പ്രവേശിക്കുന്നത്. അല്ലാതെ ഇദ്ദേഹത്തിന് മഹിമയൊന്നുമില്ല കേവലം ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു അപ്പോഴാണ് ഇദ്ദേഹത്തിന് പേരുണ്ടാകുന്നത്. ഇല്ലെങ്കിൽ പിന്നെ എവിടെ നിന്നാണ് പ്രജാപിതാ ബ്രഹ്മാവ് വന്നത്. മനുഷ്യർക്ക് തീർച്ചയായും ആശയക്കുഴപ്പം ഉണ്ടാകും. ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു അതുകൊണ്ടല്ലേ നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത്. ബ്രഹ്മാവിന്റെ അച്ഛൻ ആരാണ്? ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരുടെ രചയിതാവ് ഈ ശിവബാബയാണ്. ബുദ്ധി മുകളിലേയ്ക്ക് പോകുന്നു. പരമധാമത്തിൽ വസിക്കുന്ന പരമപിതാ പരമാത്മാവിന്റെ രചനയാണ് ഇവർ. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരുടെ കർത്തവ്യങ്ങൾ വേറെ വേറെയാണ്. മൂന്നോ നാലോ പേരുണ്ടെങ്കിൽ അവരുടെ കർത്തവ്യങ്ങൾ വേറെ വേറെയായിരിക്കും. ഓരോരുത്തർക്കും അവരവരുടേതായ പാർട്ട് ഉണ്ടാകും. ഇത്രയും കോടി ആത്മാക്കളുണ്ട്- ഒരാളുടെ പാർട്ടിന് അടുത്ത ആളുടെ പാർട്ടുമായി സാമ്യമുണ്ടാകില്ല. ഈ അത്ഭുതകരമായ കാര്യങ്ങൾ മനസ്സിലാക്കണം. എത്ര അധികം മനുഷ്യരാണ്. ഇപ്പോൾ ചക്രം പൂർത്തിയാവുകയാണ്. അന്ത്യമായില്ലേ. എല്ലാവരും തിരിച്ച് പോകും, വീണ്ടും ഈ ചക്രത്തിന് ആവർത്തിക്കണം. ബാബ ഈ കാര്യങ്ങൾ ഭിന്ന ഭിന്ന പ്രകാരത്തിൽ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, പുതിയ കാര്യമല്ല. പറയുന്നു കല്പം മുമ്പ് മനസ്സിലാക്കിത്തന്നിട്ടുണ്ടായിരുന്നു. വളരെ സ്നേഹിയായ ബാബയാണ്, ഇങ്ങനെയുള്ള ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. നിങ്ങളും ബാബയുടെ സ്നേഹീ കുട്ടികളല്ലേ. ബാബയെ ഓർമ്മിച്ചു വന്നു. മുമ്പ് എല്ലാവരും ഒരാളുടെ പൂജയാണ് ചെയ്തിരുന്നത്. ഭേദമുണ്ടായിരുന്നില്ല. ഇപ്പോഴാണെങ്കിൽ എത്ര തരമാണ്. ഇത് രാമന്റെ ഭക്തനാണ്, ഇത് കൃഷ്ണന്റെ ഭക്തനാണ്. രാമന്റെ ഭക്തൻ ചന്ദനത്തിരി കത്തിക്കുകയാണെങ്കിൽ കൃഷ്ണന്റെ ആൾക്കാർ മൂക്ക് അടച്ചുവെക്കുന്നു. ഇങ്ങനെ പല കാര്യങ്ങൾ ശാസ്ത്രങ്ങളിലുണ്ട്. ഒരാൾ പറയും ഞങ്ങളുടെ ഭഗവാനാണ് വലുത്, അടുത്തയാൾ പറയും അല്ലാ ഞങ്ങളുടെ ഭഗവാനാണ് വലുത്, രണ്ട് ഭഗവാന്മാരുണ്ട് എന്നാണ് കരുതുന്നത്. ഇത് തെറ്റായതിനാൽ എല്ലാവരും അധാർമ്മിക കർമ്മങ്ങൾ തന്നെയാണ് ചെയ്യുന്നത്.

ബാബ മനസ്സിലാക്കിത്തരുന്നു- കുട്ടികളേ, ഭക്തി ഭക്തിയാണ്, ജ്ഞാനം ജ്ഞാനമാണ്. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. ബാക്കി എല്ലാവരും ഭക്തിയുടെ സാഗരമാണ്. ജ്ഞാനത്തിലൂടെയാണ് സദ്ഗതി ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ജ്ഞാനവാനായി മാറിയിരിക്കുന്നു. ബാബ നിങ്ങൾക്ക് തന്റേയും മുഴുവൻ ചക്രത്തിന്റേയും പരിചയം നൽകി, ഇത് മറ്റാർക്കും നൽകാൻ കഴിയില്ല അതിനാലാണ് ബാബ പറയുന്നത് നിങ്ങൾ കുട്ടികൾ സ്വദർശന ചക്രധാരികളാണ്. പരമപിതാ പരമാത്മാവ് ഒന്നേയുള്ളു. ബാക്കിയുള്ള എല്ലാവരും കുട്ടികൾ തന്നെയാണ്. ഞാൻ പരമപിതാവാണ് എന്ന് ആർക്കും പറയാൻ കഴിയില്ല. ആരാണോ വിവേകശാലികളായ നല്ല മനുഷ്യർ അവർ കരുതും ഇത് എത്ര വലിയ ഡ്രാമയാണ്. അതിൽ എല്ലാ അഭിനേതാക്കളും അവിനാശിയായ പാർട്ട് അഭിനയിക്കുന്നു. ആ ചെറിയ നാടകം വിനാശിയാണ്, ഇത് അനാദിയും അവിനാശിയുമാണ്. ഒരിയ്ക്കലും നിന്നുപോകില്ല. ഇത്രയും ചെറിയ ആത്മാവിന്, ഇത്രയും വലിയ പാർട്ട് ലഭിച്ചിരിക്കുന്നു- ശരീരം എടുക്കണം ഉപേക്ഷിക്കണം പിന്നെയും പാർട്ട് അഭിനയിക്കണം. ഈ കാര്യങ്ങൾ ഒരു ശാസ്ത്രത്തിലുമില്ല. അഥവാ ഏതെങ്കിലും ഗുരു ഇത് കേൾപ്പിച്ചിരുന്നെങ്കിൽ അവർക്ക് വേറെയും ശിഷ്യന്മാർ ഉണ്ടാകുമായിരുന്നില്ലേ, കേവലം ഒരു ശിഷ്യനെക്കൊണ്ട് എന്ത് ചെയ്യാനാണ്. ശിഷ്യന്മാർ എന്ന് പറയുന്നത് പൂർണ്ണമായും ഫോളോ ചെയ്യുന്നവരെയാണ്. ഇവരുടെ ഡ്രസ്സ് ഒന്നും അങ്ങനെയല്ല. ശിഷ്യനാണെന്ന് ആര് പറയും. ഇവിടെ ബാബ ഇരുന്ന് പഠിപ്പിക്കുകയാണ്. എങ്ങനെയാണോ വിവാഹസംഘം പോകുന്നത് അതുപോലെ ബാബയെത്തന്നെ ഫോളോ ചെയ്ത് പോകണം. ശിവന്റെ വിവാഹയാത്ര എന്നും പറയാറുണ്ട്. ബാബ പറയുന്നു ഇത് എന്റെ വിവാഹസംഘമാണ്. നിങ്ങൾ എല്ലാവരും ഭക്തരാണ്, ഞാൻ ഭഗവാനാണ്. നിങ്ങൾ എല്ലാവരും പ്രിയതമകളാണ്, ബാബ വന്നിരിക്കുകയാണ് അലങ്കരിച്ച് കൂടെക്കൊണ്ടുപോകാൻ. എത്ര സന്തോഷം ഉണ്ടാകണം. ഇപ്പോൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നു. നിങ്ങൾ ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് പവിത്രമായി മാറുമ്പോൾ പവിത്രമായ രാജധാനി ലഭി

ക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഞാൻ വരുന്നതുതന്നെ അന്ത്യത്തിലാണ്. പാവനലോകത്തിന്റെ സ്ഥാപനയും പതിതലോകത്തിന്റെ വിനാശവും ചെയ്യാൻ വരൂ എന്നു പറഞ്ഞാണ് എന്നെ വിളിക്കുന്നതു തന്നെ. അതിനാലാണ് മഹാകാലൻ എന്നും വിളിക്കുന്നത്. മഹാകാലനും ക്ഷേത്രമുണ്ട്. കാലന്റെ ക്ഷേത്രം കാണുന്നുണ്ടല്ലോ. ശിവനെ കാലനെന്നു പറയുമല്ലോ. വന്നു പാവനമാക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നു. ആത്മാക്കളെ കൊണ്ടുപോകുന്നു. പരിധിയില്ലാത്ത ബാബ എത്ര ആത്മാക്കളെ കൊണ്ടുപോകാനായാണ് വന്നിരിക്കുന്നത്. കാലന്റേയും കാലൻ മഹാകാലനാണ്, സർവ്വ ആത്മാക്കളേയും പവിത്രമായ പുഷ്പങ്ങ ളാക്കി മാറ്റി കൂടെക്കൊണ്ടുപോകുന്നു. പുഷ്പമായി മാറിയാൽ പിന്നീട് ബാബ മടിയിൽ എടുത്ത് കൂടെ ക്കൊണ്ടുപോകും. അഥവാ പവിത്രമായി മാറിയില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടി വരും, വ്യത്യാസം ഉണ്ടാകുമല്ലോ. പാപം ബാക്കിയായാൽ പിന്നീട് ശിക്ഷകൾ അനുഭവിക്കേണ്ടി വരും. പദവിയും ഇങ്ങനെ യുള്ളതായിരിക്കും ലഭിക്കുക. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ്– മധുരമായ കുട്ടികളേ, വളരെ വളരെ മധുരമായി മാറൂ. എല്ലാവർക്കും കൃഷ്ണൻ മധുരമായി തോന്നുന്നില്ലേ. എത്ര സ്നേഹത്തോടെ കൃഷ്ണനെ ഊഞ്ഞാലിൽ ആട്ടുന്നു, ധ്യാനത്തിൽ കൃഷ്ണനെ ചെറിയ കുട്ടിയായി കണ്ട് ഉടൻ മടിയിൽ എടുത്തുവെച്ച് ഓമനിക്കുന്നു. വൈകുണ്ഠത്തിലേയ്ക്ക് പോകുന്നു. അവിടെ കൃഷ്ണനെ ചൈതന്യ രൂപ ത്തിൽ കാണുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം സത്യത്തിൽ വൈകുണ്ഠം വരാൻ പോവുക യാണ്. നമ്മൾ ഭാവിയിൽ ഇതായി മാറും. ശ്രീകൃഷ്ണനുമേൽ കളങ്കം ചാർത്തുന്നു, അതെല്ലാം തെറ്റാണ്. നിങ്ങൾ കുട്ടികൾക്ക് ആദ്യം ലഹരി കയറണം. ആരംഭത്തിൽ വളരെ അധികം സാക്ഷാത്ക്കാരങ്ങൾ ഉണ്ടായിരുന്നു ഇനി അവസാന സമയത്തും ഉണ്ടാകും, ഈ ജ്ഞാനം എത്ര മനോഹരമാണ്. എത്ര സന്തോ ഷമുണ്ടാകുന്നു. ഭക്തിയിലാണെങ്കിൽ ഒട്ടും സന്തോഷം ഉണ്ടാകില്ല. ജ്ഞാനത്തിൽ എത്ര സുഖമുണ്ട് എന്നത് ഭക്തി മാർഗ്ഗത്തിലുള്ളവർക്ക് അറിയില്ല, അതിനാൽ താരതമ്യം ചെയ്യാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ആദ്യം ഈ ലഹരി കയറണം. ഈ ജ്ഞാനം ബാബയ്ക്കല്ലാതെ മറ്റൊരു ഋഷിയ്ക്കോ മുനിക്കോ നൽകാൻ സാധിക്കില്ല. ആർക്കെങ്കിലും മുക്തിയുടേയും ജീവന്മുക്തിയുടേയും വഴി പറഞ്ഞുകൊടുക്കാൻ ലൗകിക ഗുരുവിന് സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി, അല്ലയോ ആത്മാക്കളേ, കുട്ടികളേ, ഞാൻ നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ് എന്ന് പറയാൻ ഒരു മനുഷ്യഗുരുവിനാലും സാധിക്കില്ല. അച്ഛ ന്മാർക്ക് മക്കളേ, മക്കളേ എന്നു വിളിച്ചായിരിക്കും ശീലം. ഇത് എന്റെ രചനയാണ് എന്ന് അറിയാം. ഈ ബാബയും പറയുന്നു ഞാൻ എല്ലാവരുടേയും രചയിതാവാണ്. നിങ്ങൾ എല്ലാവരും സഹോദരങ്ങളാണ്. ബാബയ്ക്ക് പാർട്ട് ലഭിച്ചിട്ടുണ്ട്, എങ്ങനെയുള്ള പാർട്ടാണ് ലഭിച്ചിരിക്കുന്നത് എന്ന് ബാബ ഇരുന്ന് മനസ്സി ലാക്കിത്തരുന്നു. ആത്മാവിൽത്തന്നെയാണ് മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നത്. ആരെല്ലാം വരുന്നുവോ അവർക്കെല്ലാം 84 ജന്മങ്ങളിൽ ഒരിയ്ക്കലും ഒരേപോലെയുള്ള ഫീച്ചേഴ്സ് ഉണ്ടാകില്ല. ചെറിയ ചെറിയ മാറ്റം തീർച്ചയായും ഉണ്ടാകും. തത്വങ്ങളും സതോ, രജോ, തമോ ആയിമാറും. ഓരോ ജന്മത്തിലേയും ഫീച്ചേഴ്സ് ഒന്നു മറ്റൊന്നുമായി സാമ്യമുണ്ടാകില്ല. ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു– മധുരമായ കുട്ടികളേ, ബാബയിൽ ഒരിയ്ക്കലും സംശയം ഉണ്ടാ വരുത്. സംശയം പിന്നെ നിശ്ചയം എന്നിങ്ങനെ രണ്ട് കാര്യങ്ങളുണ്ടല്ലോ. അച്ഛൻ അർത്ഥം അച്ഛൻ. ഇതിൽ സംശയം ഉണ്ടാവുക സാദ്ധ്യമല്ല. എനിക്ക് അച്ഛനെ ഓർമ്മിക്കാൻ കഴിയില്ല എന്ന് കുട്ടികൾക്ക് പറ യാൻ പറ്റില്ല. നിങ്ങളാണെങ്കിൽ മിനിറ്റിന് മിനിറ്റിന് പറയുന്നു യോഗം കിട്ടുന്നില്ലെന്ന്. യോഗം എന്ന വാക്ക് ശരിയല്ല. നിങ്ങൾ രാജഋഷികളാണ്. ഋഷി എന്നാൽ പവിത്രതയാണ്. നിങ്ങൾ രാജഋഷികളായതിനാൽ തീർച്ചയായും പവിത്രമായിരിക്കും. ചെറിയ കാര്യങ്ങളിൽ തോറ്റുപോയാൽ പിന്നീട് രാജധാനി ലഭിക്കില്ല. പ്രജയായി മാറും. എത്ര നഷ്ടം ഉണ്ടാകുന്നു. നമ്പർവൈസായി പദവി ഉണ്ടാകുമല്ലോ. ഒരാളുടെ പദ വിയ്ക്ക് അടുത്തയാളുടെ പദവിയുമായി സാമ്യമുണ്ടാകില്ല. ഇത് പരിധിയില്ലാത്ത ഉണ്ടായതും ഉണ്ടാക്ക പ്പെട്ടതുമായ നാടകമാണ്. ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. അതിനാൽ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടാകുന്നു. എങ്ങനെ ബാബയുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാന വുമുണ്ടോ അതുപോലെ നിങ്ങളുടെ ബുദ്ധിയിലും ഉണ്ട്. ബീജത്തേയും വൃക്ഷത്തേയും മനസ്സിലാക്ക ണം. മനുഷ്യ സൃഷ്ടിയുടെ വൃക്ഷമാണിത് ആൽ വൃക്ഷത്തിന്റെ ഉദാഹരണം ഇതിന് തികച്ചും ശരിയാണ്. ബുദ്ധിയും പറയുന്നുണ്ട് നമ്മുടെ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ തായ്ത്തടി ഇപ്പോൾ പ്രായലോപമായിരിക്കുന്നു. ബാക്കിയുള്ള എല്ലാ ധർമ്മങ്ങളുടേയും കൊമ്പും ചില്ലകളും നിൽപ്പുണ്ട്. ഡ്രാമ അനുസരിച്ച് ഇതെല്ലാം നടക്കേണ്ടതുതന്നെയാണ്, അതിനാൽ ഇതിനോട് വെറുപ്പ് ഉണ്ടാകുന്നില്ല. നാടക ത്തിലെ അഭിനേതാക്കൾക്ക് എപ്പോഴെങ്കിലും ദേഷ്യം വരുമോ! ബാബ പറയുന്നു നിങ്ങൾ പതിതമായിരി ക്കുന്നു ഇനി പാവനമായി മാറണം. നിങ്ങൾ എത്ര സുഖം കണ്ടോ അത്രയും സുഖം മറ്റാരും കാണുന്നി ല്ല. നിങ്ങൾ നായികാ–നായകന്മാരാണ് വിശ്വത്തിൽ രാജ്യം നേടുന്നവരാണ് അതിനാൽ അളവില്ലാത്ത സന്തോഷമുണ്ടാകേണ്ടേ. ഭഗവാൻ പഠിപ്പിക്കുകയാണ്! എത്ര റെഗുലറായി പഠിക്കണം, എത്ര സന്തോഷം ഉണ്ടാകണം. പരിധിയില്ലാത്ത ബാബ നമ്മെ പഠിപ്പിക്കുകയാണ്. രാജയോഗവും ബാബയാണ് പഠിപ്പിക്കുന്ന

ത്. ഒരു ശരീരധാരിയ്ക്കും പഠിപ്പിക്കാൻ കഴിയില്ല. ബാബ ആത്മാക്കളെയാണ് പഠിപ്പിക്കുന്നത്, ആത്മാവു തന്നെയാണ് ധാരണ ചെയ്യുന്നത്. ബാബ പാർട്ട് അഭിനയിക്കാൻ ഒരു തവണ മാത്രമാണ് വരുന്നത്. ആത്മാവുതന്നെയാണ് പാർട്ട് അഭിനയിച്ച് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നത്. ആത്മാക്കളെ ബാബ പഠിപ്പിക്കുകയാണ്. ദേവതകളെ പഠിപ്പിക്കില്ല. അവിടെ ദേവതകൾ തന്നെയായിരിക്കും പഠിപ്പിക്കുന്നത്. സംഗമയുഗത്തിൽ പുരുഷോത്തമനായി മാറുന്നതിനായി ബാബ തന്നെയാണ് പഠിപ്പിക്കുന്നത്. നിങ്ങളാണ് പഠിക്കുന്നത്. ഈ സംഗമയുഗം ഒന്നേയുള്ളു അതിലാണ് നിങ്ങൾ പുരുഷോത്തമനായി മാറുന്നത്. സത്യമാക്കി മാറ്റുന്ന, സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്ന സത്യമായ ബാബ ഒന്നേയുള്ളു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1. സംഗമയുഗത്തിൽ നേരിട്ട് ഭഗവാനിൽ നിന്നും പഠിപ്പ് പഠിച്ച് ജ്ഞാനവാനായ ആസ്തികരായി മാറണം, മാറ്റണം. ഒരിയ്ക്കലും ബാബയിൽ അഥവാ പഠിപ്പിൽ സംശയം ഉണ്ടാകരുത്.

2. ബാബയ്ക്കു സമാനം സ്നേഹിയായി മാറണം. ഭഗവാൻ ഞങ്ങളെ അലങ്കരിക്കുകയാണ് എന്ന സന്തോഷത്തിൽ ഇരിക്കണം. ഒരു അഭിനേതാവിനോടും വെറുപ്പുണ്ടാകരുത്. ഓരോരുത്തർക്കും ഈ ഡ്രാമയിൽ കൃത്യമായ പാർട്ടുണ്ട്.

### വരദാനം- സേവനങ്ങളുടെ പ്രവൃത്തിയിൽ കഴിഞ്ഞും ഇടയ്ക്കിടെ ഏകാന്തവാസിയാകുന്ന അന്തർമുഖിയായി ഭവിക്കട്ടെ.

സൈലൻസിന്റെ ശക്തിയുടെ പ്രയോഗം ചെയ്യുന്നതിനു വേണ്ടി അന്തർമുഖിയും ഏകാന്തവാസിയുമാകേണ്ടതിന്റെ ആവശ്യകതയുണ്ട്. പല കുട്ടികളും പറയുന്നു അന്തർമുഖി സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് അതാ.ത് ഏകാന്തവാസിയാകുന്നതിന് സമയം തന്നെ ലഭിക്കുന്നില്ല. എന്തെന്നാൽ സേവനത്തിന്റെ പ്രവൃത്തി, ശബ്ദത്തിന്റെ ശക്തിയുടെ പ്രവൃത്തി ഇപ്പോൾ വളരെ വർധിച്ചിരിക്കുന്നു. പക്ഷേ ഇതിന് ഒരുമിച്ച് അര മണിക്കൂറോ ഒരു മണിക്കൂറോ എടുക്കുന്നതിനു പകരം ഇടയ്ക്കിടെ അൽപ സമയമെങ്കിലും എടുക്കൂ എങ്കിൽ ശക്തിശാലി സ്ഥിതിയുണ്ടാകും.

### സ്ലോഗൻ-ബ്രാഹ്മണജീവിതത്തിൽ യുദ്ധം ചെയ്യുന്നതിനു പകരം ആനന്ദമാഘോഷിക്കൂ എങ്കിൽ ബുദ്ധിമുട്ടും സഹജമായി മാറും